14024
9/9/16

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യ നീതി വകുപ്പ്- ഓണത്തോടനുബന്ധിച്ച് പെൻഷൻകാരായ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും 1,000/- രൂപ പ്രത്യേക ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യ നീതി (ബി) വകുപ്പ്

സ.ഉ(കൈ) നം. 49/2016/സാനീവ തീയതി, തിരുവനന്തപുരം, 08/09/2016

---

## ഉത്തരവ്

പെൻഷൻകാരായ അംഗൻവാടി വർക്കർമാർക്കും, ഹെൽപ്പർമാർക്കും ഓണത്തിന് പ്രത്യേക ധനസഹായമായി 1,000/- രൂപ (ആയിരം രൂപ മാത്രം) അനുവദിച്ചുകൊണ്ടും ഇതിനാവശ്യമായ തുകയുടെ 50 % സർക്കാർ പിന്നീട് തിരിച്ചടയ്ക്കുമെന്ന വ്യവസ്ഥയിൽ, കേരള അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി അക്കൗണ്ടിൽ നിന്നും തത്കാലം വഹിക്കുന്നതിന് ക്ഷേമനിധി ബോർഡിന് അനുമതി നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എ ഷാജഹാൻ

സെക്രട്ടറി

സാമൂഹ്യ നീതി ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഡി ബി സെൽ), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (UO(N)No. WW2/ 189/2016/ധന തീയതി 31/08/2016 Com. No. 296118)

പൊതു ഭരണ (എസ് സി) വകുപ്പ്

വെബ്&ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Shyji M.

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 07-09-2016.

ഫയൽ നം.സാ.നീ.വ.-ബി2/111/2016-സാ.നീ.വ. ഇനം നം: 282

വിഷയം : സാമൂഹ്യനീതി വകുപ്പ് - പെൻഷൻകാരായ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഓണത്തോടനുബന്ധിച്ച് പ്രത്യേക ധനസഹായം അനുവദിയ്ക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.

7/9/16

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | സാനീവ-ബി2/111/2016-സാനീവ |
| 2. | വകുപ്പ് | സാമൂഹ്യനീതി (ബി) വകുപ്പ് |
| 3. | വിഷയം | പെൻഷൻകാരായ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഓണത്തോടനുബന്ധിച്ച് പ്രത്യേക ധനസഹായം അനുവദിയ്ക്കുന്നതു സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 29/08/2016 |
| 5. | • ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>• സാമ്പത്തിക ബാദ്ധ്യതയുണ്ടെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനു കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.കെ.എം ലീലാമണി |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. എ ഷാജഹാൻ |
| 9 | മന്ത്രിസഭ കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 04/09/2016 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. എസ്. എം വിജയാനന്ദ് |
| 11 | മന്ത്രിസഭ കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 05/09/2016 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി. കെ. കെ ശൈലജ ടീച്ചർ |
| 13 | മന്ത്രിസഭ കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 06/09/2016 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 06/09/2016 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഓണത്തോടനുബന്ധിച്ച് പെൻഷൻകാരായ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും 1,000/- രൂപ പ്രത്യേക ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പിലെ വിഷയം.

2. സംയോജിത ശിശു വികസന പദ്ധതിയുടെ ഭാഗമായി 1975 ൽ ആരംഭിച്ച അംഗൻവാടികളിൽ അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരുമായി ഏകദേശം 70,000 പേർ സേവനമനുഷ്ഠിച്ചു വരികയാണ്. അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയത്തിനു മാറ്റം വന്നെങ്കിലും കഴിഞ്ഞ 7 വർഷമായി പെൻഷൻ വർദ്ധനവ് ഉണ്ടായിട്ടില്ല. പെൻഷനുകളെല്ലാം 1,000/- രൂപയാക്കി വർദ്ധിപ്പിക്കാൻ ഗവൺമെൻറ് തീരുമാനിച്ച സാഹചര്യത്തിൽ അംഗൻവാടി ജീവനക്കാരുടെ പെൻഷനിലും വർദ്ധനവുണ്ടാകേണ്ടതുണ്ട്. ഓണത്തിനു മുമ്പ് അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമനിധിബോർഡ് കൂടി പെൻഷൻ വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനം പ്രായോഗികമല്ലാത്ത സാഹചര്യത്തിൽ ഓണത്തോടനുബന്ധിച്ച് പെൻഷൻകാരായ അംഗൻവാടി വർക്കർമാർക്കും, ഹെൽപ്പർമാർക്കും 1,000/- രൂപ പ്രത്യേക ധനസഹായമായി അനുവദിക്കുന്നത് ഉചിതമായിരിക്കും. ആയതിന് 7000 ഓളം (3000+4000) വരുന്ന ഇവർക്ക് ടി ധനസഹായം നൽകുന്നതിന് 70 ലക്ഷം രൂപ വേണ്ടിവരും .

3. ഇതു സംബന്ധിച്ച് ആരോഗ്യ - കുടുംബക്ഷേമ – സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ കുറിപ്പിന്മേൽ ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

" *"പെൻഷൻകാരായ അംഗൻവാടി വർക്കർമാർക്കും, ഹെൽപ്പർമാർക്കും ഓണത്തിന് പ്രത്യേക ധനസഹായമായി 1,000/- രൂപ (ആയിരം രൂപ മാത്രം) അനുവദിക്കുന്നതിന് ആവശ്യമായ തുക **കേരള അംഗൻവാടി വർക്കേഴ്സ് ആൻറ് ഹെൽപ്പേഴ്സ് ക്ഷേമനിധി അക്കൗണ്ടിൽ നിന്നും തത്കാലം വഹിക്കുന്നതിന്** ക്ഷേമനിധി ബോർഡിന് അനുമതി നൽകാവുന്നതാണ്. നിലവിൽ ക്ഷേമനിധിയിലേക്കുള്ള വിഹിതത്തിൻറെ 50% തുക ക്ഷേമനിധി അംഗങ്ങളിൽ നിന്നും, 50% തുക സർക്കാരുമാണ് വഹിച്ചു വരുന്നത്. ആകയാൽ ഓണത്തിന് പ്രത്യേക ധനസഹായമായി അനുവദിക്കുന്ന തുകയുടെ 50% തുക ക്ഷേമനിധിയിലേയ്ക്ക് സർക്കാർ തിരിച്ചടക്കുന്നതുമാണ് എന്ന് അറിയിക്കുന്നു. "*

ബഹു. സാമൂഹ്യനീതി വകുപ്പ മന്ത്രി സമർപ്പിച്ച കുറിപ്പിൽ ബഹു. മുഖ്യമന്ത്രി ഉത്തരവായിരിക്കുന്നതുപോലെ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഭരണ വകുപ്പ് അടിയന്തിരമായി തുടർ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

*ഇതിന് ബഹു. ധനമന്ത്രിയുടെ അംഗീകാരമുണ്ട്". "*

4. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

1. പെൻഷൻകാരായ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഓണത്തിന് പ്രത്യേകധനസഹായമായി 1,000/- രൂപ (ആയിരം രൂപ മാത്രം) അനുവദിക്കാമോ;
2. ഇതിനാവശ്യമായ തുകയുടെ (ഉദ്ദേശം 70 ലക്ഷം രൂപ), 50% സർക്കാർ പിന്നീട് തിരിച്ചടയ്ക്കുമെന്ന വ്യവസ്ഥയിൽ, കേരള അംഗൻവാടി വർക്കേഴ്സ് ആൻറ് ഹെൽപ്പേഴ്സ് ക്ഷേമനിധി അക്കൗണ്ടിൽ നിന്നും തത്കാലം വഹിക്കുന്നതിന് ക്ഷേമനിധി ബോർഡിന് അനുമതി നൽകാമോ?